REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 01-08-2025** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- പ്രതിപക്ഷ ബഹളത്തെത്തുടർന്ന് ലോക്സഭയും രാജ്യസഭയും ഇന്നും ഉച്ച വരെ നിർത്തിവെച്ചു.
- സ്വാതന്ത്ര്യദിന പ്രസംഗത്തിന് ഉൾപ്പെടുത്തേണ്ട ആശയങ്ങളും നിർദ്ദേശങ്ങളും പങ്കുവെയ്ക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദി ആഹ്വാനം ചെയ്തു.
- ഛത്തീസ്ഗഡിൽ കന്യാസ്ത്രീകൾക്ക് ജാമ്യം ലഭിക്കാൻ വേണ്ടതെല്ലാം ചെയ്യുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ഉറപ്പു നൽകിയതായി BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ.
- ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി 1,610 കോടി രൂപ കൂടി അനുവദിച്ചതായി മന്ത്രി KN ബാലഗോപാൽ.
- കേരളത്തിലെ സ്കൂളുകളിൽ പുതുക്കിയ മെനു പ്രകാരം ഉച്ചഭക്ഷണ വിതരണം ആരംഭിച്ചു.
- സംസ്ഥാനത്ത് നാളെ മുതൽ മഴ വീണ്ടും ശക്തമാകും. കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

## വാർത്തകൾ വിശദമായി

**ബിഹാറിലെ വോട്ടർ പട്ടികകളുടെ പ്രത്യേക പരിഷ്ക്കരണ നടപടിയ്ക്കെതിരെ ലോക്സഭയിലും രാജ്യസഭയിലും ഇന്നും പ്രതിപക്ഷ ബഹളം. ലോക്സഭ ഉച്ചയ്ക്ക് രണ്ടു വരെയും, രാജ്യസഭ ഉച്ചയ്ക്ക് 12 വരെയും നിർത്തിവെച്ചു.**

**സഭ വിട്ടിറങ്ങിയ ഇന്ത്യാ ബ്ലോക്ക് അംഗങ്ങൾ പാർലമെന്റ് സമുച്ചയത്തിനു പുറത്ത് പ്രതിഷേധം സംഘടിപ്പിച്ചു. പാർലമെന്റിന്റെ ഇരു സഭകളിലും**

വിഷയം ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ചട്ടം 267 പ്രകാരം അടിയന്തര പ്രമേയത്തിന് പ്രതിപക്ഷം നോട്ടീസ് നൽകി.

✪✪✪

പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധിയുടെ 20-ാം ഗഡു നാളെ വിതരണം ചെയ്യും. ഒമ്പത് കോടി 70 ലക്ഷത്തിൽ പരം കർഷകരുടെ അക്കൗണ്ടുകളിലേക്ക് 2,000 രൂപ വീതം നിധിയിൽ നിന്ന് നേരിട്ട് കൈമാറും. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഉത്തർപ്രദേശ് സന്ദർശനത്തിനിടെ വാരാണാസിയിലാണ് 20-ാം ഗഡു അദ്ദേഹം വിതരണം ചെയ്യുന്നത്. 2,200 കോടിയോളം രൂപയുടെ വികസന പദ്ധതികൾക്ക് അദ്ദേഹം തുടക്കമിടും. പൂർത്തീകരിച്ച പദ്ധതികൾ അദ്ദേഹം നാടിന് സമർപ്പിക്കുകയും ചെയ്യും. നാളെ രാവിലെ നരേന്ദ്രമോദി വാരണാസിയിലെത്തും.

✪✪✪

ഓഗസ്റ്റ് 15-ന് രാജ്യം സ്വാതന്ത്ര്യദിനം ആഘോഷിക്കാനൊരുങ്ങുമ്പോൾ ചെങ്കോട്ടയിലെ പ്രസംഗത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളോട് ചിന്തകളും ആശയങ്ങളും നിർദ്ദേശങ്ങളും പങ്കിടാൻ ആഹ്വാനം ചെയ്തു. ഈ വർഷത്തെ പ്രസംഗത്തിന്റെ പ്രമേയം രൂപപ്പെടുത്തുന്നതിൽ ജനങ്ങൾ സജീവമായി പങ്കെടുക്കണമെന്നും നരേന്ദ്രമോദി സാമൂഹിക മാധ്യമത്തിലൂടെ ആവശ്യപ്പെട്ടു. My Gov യിലോ നമോ ആപ്പിലോ ഇവ പങ്കുവെയ്ക്കാമെന്ന് പ്രധാനമന്ത്രി അറിയിച്ചു.

✪✪✪

ലോക്മാന്യ ബാലഗംഗാധര തിലകിന്റെ സ്മൃതി ദിനത്തിൽ ആഭ്യന്തരമന്ത്രി അമിത് ഷാ ആദരാഞ്ജലി അർപ്പിച്ചു. തൊട്ടുകൂടായ്മക്കെതിരായ പോരാട്ടത്തിൽ നിർണായക പങ്കുവഹിച്ച വ്യക്തിയായിരുന്നു ബാലഗംഗാധര തിലകനെന്നും അദ്ദേഹം അനുസ്മരിച്ചു.

✪✪✪

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഝാർഖണ്ഡിലെ ധൻബാദ് IIT യുടെ 45-ാമത് ബിരുദദാന ചടങ്ങിൽ മുഖ്യാതിഥിയാകും. ഇന്നലെയാണ് രണ്ട് ദിവസത്തെ സന്ദർശനത്തിന് രാഷ്ട്രപതി ഝാർഖണ്ഡിലെത്തിയത്.

✪✪✪

ഛത്തീസ്ഗഡിൽ കന്യാസ്ത്രീകൾക്ക് ജാമ്യം ലഭിക്കാൻ വേണ്ടതെല്ലാം ചെയ്യുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ഉറപ്പു നൽകിയതായി BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. തൃശ്ശൂരിൽ ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തിനെ സന്ദർശിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഛത്തീസ്ഗഡ് ഗവൺമെന്റ്

ജാമ്യത്തെ എതിർക്കില്ല എന്ന് പ്രധാനമന്ത്രിയും ആഭ്യന്തരമന്ത്രി അമിത് ഷായും ഉറപ്പു നൽകിയതായി അദ്ദേഹം വ്യക്തമാക്കി.

വിഷയത്തെ രാഷ്ട്രീയവൽക്കരിക്കരുതെന്നും സഹായിക്കണമെന്ന് ജനങ്ങൾ അഭ്യർത്ഥിച്ചാൽ BJP അവരുടെ കൂടെയുണ്ടാകുമെന്നും രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

പ്രധാനമന്ത്രിയുടെയും അമിത്ഷായുടെയും നിർദ്ദേശപ്രകാരമാണ് രാജീവ് ചന്ദ്രശേഖർ ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തിനെ കാണാനെത്തിയത്.

✪✪✪

സംസ്ഥാനത്തെ സ്കൂളുകളിൽ പുതുക്കിയ മെനു പ്രകാരം ഉച്ചഭക്ഷണ വിതരണം ആരംഭിച്ചു. വിദ്യാഭ്യാസ വകുപ്പിന്റെ വിദഗ്ധ സമിതി റിപ്പോർട്ട് അനുസരിച്ചാണ് വെജിറ്റബിൾ ഫ്രൈഡ് റൈസ് ഉൾപ്പെടെ പുതുക്കിയ മെനു തയ്യാറാക്കിയത്.

ഇപ്പോൾ സ്കൂളുകളിൽ നൽകുന്ന ചോറിനു പുറമെ മുട്ട ഫ്രൈഡ് റൈസ്, ലമൺ റൈസ്, വെജ് ബിരിയാണി, പായസങ്ങൾ എന്നിവ പരിഷ്കരിച്ച ഉച്ചഭക്ഷണ മെനുവിൽ ഉണ്ട്. ആഴ്ചയിൽ ഒരു ദിവസം സമ്പുഷ്ടീകരിച്ച അരി വിഭവങ്ങൾ നൽകും. ഒന്നോ രണ്ടോ ദിവസങ്ങളിൽ പച്ചക്കറിയ്ക്ക് പകരമായി മൈക്രോ ഗ്രീൻസും മെനുവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. റാഗി കൊഴുക്കട്ട, ഇലയട, അവൽ തുടങ്ങിയ വിവിധ വിഭവങ്ങളും മെനുവിന്റെ ഭാഗമാണ്.

ചെറുധാന്യ വിഭവങ്ങൾ നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ, PTA പൊതു സമൂഹം എന്നിവരുടെ സഹായം തേടാമെന്നും വിദ്യാഭ്യാസ വകുപ്പ് നിർദേശം നൽകിയിട്ടുണ്ട്.

✪✪✪

സ്കൂളുകളിൽ പാമ്പ് കടിയേറ്റ് അപകടങ്ങൾ ഒഴിവാക്കാൻ ലക്ഷ്യമിട്ട് അധ്യാപകർക്ക് പാമ്പ് പിടിത്തത്തിൽ ശാസ്ത്രീയ പരിശീലനം നല്കാൻ ഒരുങ്ങി വനം വകുപ്പ്. സംസ്ഥാനത്ത് പാലക്കാട് ജില്ലയിലാണ് ഇതിന് തുടക്കം കുറിക്കുന്നത്.

ആകാശവാണി പ്രതിനിധി ഫൈസൽ അലിമുത്ത്.

..........(വോയ്സ്)................

✪✪✪

കേരള ഡിജിറ്റൽ സർവ്വകലാശാലയിലും, സാങ്കേതിക സർവ്വകലാശാലയിലും ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ താൽക്കാലിക വൈസ് ചാൻസലർമാരെ വീണ്ടും നിയമിച്ചു. സിസ തോമസാണ് ഡിജിറ്റൽ സർവകലാശാലാ വൈസ് ചാൻസലർ. ഡോ. K ശിവപ്രസാദിനെ സാങ്കേതിക സർവ്വകലാശാലയിലും അദ്ദേഹം നിയമിച്ചു. ആറ് മാസത്തേക്കാണ് രണ്ടു പേരുടെയും നിയമനം. ഗവൺമെന്റ് പാനൽ ഒഴിവാക്കിയാണ് ഗവർണറുടെ നടപടി.

✪✪✪

ലോക മുലയൂട്ടൽ വാരാചരണത്തിന് തുടക്കമായി. ജനിച്ച് ആദ്യ മണിക്കൂറിൽ തന്നെ കുഞ്ഞുങ്ങൾക്ക് മുലപ്പാൽ നൽകുന്നുണ്ടെന്ന് ഉറപ്പാക്കണമെന്ന ബോധവത്കരണമാണ് വാരാചരണത്തിലൂടെ നൽകുന്നത്.

ആറുമാസം വരെ അമ്മയുടെ മുലപ്പാൽ മാത്രം കുഞ്ഞിന് നൽകണമെന്ന അറിവ് വാരാചരണകാലത്ത് ജനങ്ങളിലെത്തിക്കും. ലോകാരോഗ്യസംഘടനയും, ഐക്യരാഷ്ട്ര ശിശുക്ഷേമ സമിതിയും ചേർന്നാണ് വാരാചരണം സംഘടിപ്പിക്കുന്നത്.

കേരളത്തിൽ നിലവിൽ 56 ശതമാനം കുഞ്ഞുങ്ങൾക്ക് മാത്രമാണ് ആറുമാസം വരെ മുലപ്പാൽ മാത്രം നൽകുന്നതെന്നും എട്ടു ശതമാനം കുട്ടികൾക്ക് ആദ്യ ദിവസം മുതൽ മുലപ്പാലിനൊപ്പം മറ്റെന്തെങ്കിലും കൂടി നൽകുന്നതായും കണ്ടെത്തിയിട്ടുണ്ട്.

✪✪✪

സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി 1,610 കോടി രൂപ കൂടി അനുവദിച്ചതായി മന്ത്രി KN ബാലഗോപാൽ അറിയിച്ചു. ഈ സാമ്പത്തിക വർഷത്തെ മെയിന്റനൻസ് ഫണ്ടിന്റെ രണ്ടാം ഗഡുവായി 1,396 കോടി രൂപയും, ജനറൽ പർപ്പസ് ഫണ്ടിന്റെ അഞ്ചാം ഗഡു 214 കോടി രൂപയുമാണ് അനുവദിച്ചതെന്നും അദ്ദേഹം പറഞ്ഞു.

രണ്ടിലുംകൂടി ഗ്രാമ പഞ്ചായത്തുകൾക്ക് 1,029 കോടി രൂപ ലഭിക്കും. ബ്ലോക്ക് പഞ്ചായത്തുകൾക്ക് 87 കോടി രൂപയും, ജില്ലാ പഞ്ചായത്തുകൾക്ക് 172 കോടി 87 ലക്ഷവും, മുൻസിപ്പാലിറ്റികൾക്ക് 219 കോടി 83 ലക്ഷവും, കോർപറേഷനുകൾക്ക് 101 കോടി 35 ലക്ഷം രൂപയുമാണ് ലഭിക്കുക.

മെയിന്റനൻസ് ഫണ്ടിൽ ഗ്രാമ പഞ്ചായത്തുകൾക്ക് 878 കോടി രൂപ ലഭിക്കും. ബ്ലോക്ക് പഞ്ചായത്തുകൾക്ക് 76 കോടി രൂപയും നീക്കിവച്ചു. ഈ സാമ്പത്തിക വർഷം 6,422 കോടി രുപയാണ് തദ്ദേശ സ്ഥാപനങ്ങൾക്കായി സംസ്ഥാന ഗവൺമെന്റ് അനുവദിച്ചത്.

✪✪✪

**സംസ്ഥാനത്ത് നാളെ മുതൽ മഴ വീണ്ടും ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ആലപ്പുഴ, എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രതയാണ്. ചിലയിടങ്ങളിൽ മണിക്കൂറിൽ 40 മുതൽ 50 വരെ കിലോമീറ്റർ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്. ലക്ഷദ്വീപ് തീരത്ത് തിങ്കളാഴ്ച വരെയും കർണാടക തീരത്ത് നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.**

✪✪✪

**ട്രോളിങ്ങ് നിരോധനം അവസാനിച്ചതോടെ മത്സ്യബന്ധന മേഖല സംസ്ഥാനത്ത് കൂടുതൽ സജീവമായി. 52 ദിവസത്തെ ട്രോളിംഗ് നിരോധനത്തിന് ഇന്നലെയാണ് അവസാനമായത്. രാത്രി പന്ത്രണ്ട് മുതൽ യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങൾ കടലിൽ പോയി ത്തുടങ്ങി.**

✪✪✪

**കൊല്ലത്ത് പുലർച്ചെ മത്സ്യബന്ധനബോട്ട് തിരയിൽപ്പെട്ട് പുലിമുട്ടിലിടിച്ച് തകർന്ന് മത്സ്യത്തൊഴിലാളികൾക്ക് പരിക്കേറ്റു. ബോട്ടിലുണ്ടായിരുന്ന 12 പേരെയും രക്ഷപ്പെടുത്തി. ബോട്ട് പൂർണമായും മുങ്ങി. പരിക്കേറ്റവരെ ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.**

✪✪✪

**കണ്ണൂർ ആറളം ഫാമിൽ കാട്ടാനകളുടെ അതിക്രമം വർദ്ധിക്കുന്നു. പൊതുജനങ്ങൾക്ക് യാത്രാ നിരോധനം ഉൾപ്പെടെ നിയന്ത്രണം ഏർപ്പെടുത്താൻ അധികൃതർ തീരുമാനിച്ചു.**

**വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി K.O ശശിധരൻ.**

**........(വോയ്സ്)...........**

✪✪✪

**നിയമസഭയിലെ G കാർത്തികേയൻ മ്യൂസിയത്തിൽ സജ്ജീകരിച്ച EMS സ്മൃതി നിർമ്മാണ പ്രവർത്തനം സ്പീക്കർ AN ഷംസീർ ഉദ്ഘാടനം ചെയ്തു. മ്യൂസിയത്തിൽ രണ്ടാം നിലയിലെ മിനി തീയേറ്റർ ഹാളിലാണ് EMS സ്മൃതി പദ്ധതി.**

**കേരളത്തിന്റെ പ്രഥമ മുഖ്യമന്ത്രിയായിരുന്ന EMS നമ്പൂതിരിപ്പാടിന്റെ ഓർമ്മകളെ അനശ്വരമാക്കാനാണ് നിയമസഭയിൽ “EMS സ്മൃതി" പദ്ധതിക്ക് തുടക്കം കുറിച്ചത്.**

✪✪✪

**CPIM സംസ്ഥാന കമ്മിറ്റി തിരുവനന്തപുരത്ത് ഇന്ന് VS അച്യുതാനന്ദൻ അനുശോചന സമ്മേളനം സംഘടിപ്പിക്കും. വൈകിട്ട് കനകക്കുന്നിലാണ് പരിപാടി.**

**മുഖ്യമന്ത്രി പിണറായി വിജയൻ, CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ, പ്രതിപക്ഷ നേതാവ് VD സതീശൻ, വിവിധ കക്ഷി നേതാക്കൾ എന്നിവർ പരിപാടിയിൽ പങ്കെടുക്കും.**

✪✪✪

**ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയിലെ ഡയാലിസിസ് സെന്റർ ഉച്ച കഴിഞ്ഞ് മന്ത്രി വീണ ജോർജ് നാടിന് സമർപ്പിക്കും.**

**അഞ്ച് കോടി 27 ലക്ഷം രൂപ ചെലവിലാണ് ഡയാലിസിസ് സെന്റർ നിർമ്മിച്ചത്. ഓരേ സമയം പത്ത് പേർക്ക് ഡയാലിസിസിന് കേന്ദ്രത്തിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.**

**ഇരിങ്ങാലക്കുട മണ്ഡലത്തിൽ പൂർത്തീകരിച്ച മൂന്ന് ആരോഗ്യ സേവന പദ്ധതികളും മന്ത്രി ഉദ്ഘാടനം ചെയ്യും.**

✪✪✪

**ഇന്ത്യ-ഇംഗ്ലണ്ട് അവസാന ക്രിക്കറ്റ് ടെസ്റ്റിന്റെ രണ്ടാം ദിവസത്തെ മത്സരം ഉച്ചകഴിഞ്ഞ് മൂന്നരയ്ക്ക് ഓവലിൽ പുനരാരംഭിക്കും.**

**ഇന്നലെ കളി അവസാനിക്കുമ്പോൾ ഇന്ത്യ ആറ് വിക്കറ്റിന് 204 റൺസെടുത്തിരുന്നു. കരുൺ നായരും വാഷിംഗ്ടൺ സുന്ദറുമാണ് ക്രീസിൽ.**

✪✪✪

**മക്കാവോ ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യയുടെ പോരാട്ടം തുടരുന്നു. പുരുഷ സിംഗിൾസിൽ തരുൺ മന്നെപ്പള്ളി സെമിഫൈനലിൽ കടന്നു. രാവിലെ ചൈനീസ് താരത്തെ പരാജയപ്പെടുത്തിയാണ് തരുണിന്റെ സെമി പ്രവേശം.**

**പുരുഷ സിംഗിൾസിൽ ലക്ഷ്യ സെൻ ചൈനീസ് താരത്തെയും പുരുഷ ഡബിൾസിൽ സ്വാതിക് സായ്‌രാജ് രങ്കി റെഡ്ഡി- ചിരാഗ് ഷെട്ടി സഖ്യം മലേഷ്യൻ താരങ്ങളെയും ഇന്ന് നേരിടും.**

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader:ഫസ്ന ഫാത്തിമ*
*NRTs: അനിൽ ചന്ദ്രൻ*
*DEO: ഷീബ*